# AMCSFNCK – Admission to B.Sc. Nursing Course 2022-23

## Notification dated 16.12.2022 on ONLINE CONFIRMATION OF COLLEGE OPTIONS for the FIFTH ONLINE MOP-UP ALLOTMENT to the remaining vacant seats in the Member Colleges

The Stray vacancies in B.Sc. Nursing course in the Member Colleges of AMCSFNCK after the four online Mop-Up allotments will be filled up through FIFTH ONLINE MOP-UP ALLOTMENT on 19th December 2022.

Candidates who are included in the AMCSFNCK Rank List (2022) and reregistered their options for the Mop-Up allotment but have not received allotments held earlier SHALL CONFIRM THEIR COLLEGE OPTIONS between 16.12.2022 and 18.12.2022 on the web site amcsfnck.com IN ORDER TO BE CONSIDERED FOR THE FIFTH ONLINE MOP-UP ALLOTMENT and allotments to further vacancies, thereafter. These candidates can modify/re-arrange their list of College options before confirming them. PLEASE NOTE THAT THE APPLICANTS WHO FAILS TO CONFIRM THEIR COLLEGE OPTIONS AS NOTIFIED ABOVE WILL NOT BE CONSIDERED FOR FUTURE ALLOTMENTS.

Additional seats sanctioned to the Mercy College of Nursing, Thalayolaparambu as well as the probable vacancies that may arise in any of the Member Colleges due to cancellation of already joined students will also be filled up on the basis of the newly confirmed college options as per above notification. The FIFTH ONLINE MPO-UP ALLOTMENT will be published on the AMCSFNCK website on 19.12.2022, 5 pm. The candidates allotted as per Fifth Online Mop-Up Allotments shall join the respective colleges by submitting original documents and remitting the first year fess on/before 22.12.2022, 3 pm.

2022-23 വർഷത്തെ ബി.എസ്.സി. നഴ്സിംഗ് പ്രവേശനത്തിനുള്ള നാല് ഓൺലൈൻ മോപ്–അപ് അലോട്ട്മെന്റുകൾക്കുശേഷവും ആസോസിയേഷനിൽ അംഗങ്ങളായ കോളേജുകളിൽ ഇനിയും ഒഴിവുള്ള സീറ്റുകളിലേക്കും, തലയോലപ്പറമ്പ് മേഴ്സി നഴ്സിംഗ് കോളേജിൽ പുതുതായി അനുമതി ലഭിച്ചിരിക്കുന്ന അധിക സീറ്റുകളിലേക്കും, പ്രവേശനം ക്യാൻസൽ ചെയ്യുന്നതുമൂലം ഒഴിവുവരുന്ന സീറ്റുകളിലേക്കും

**19.12.2022**ന് അഞ്ചാമത്തെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റ് നടത്തുന്നതാണ്.

ഇതിലേക്കായി, അസോസിയേഷൻ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ (2022) ഉൾപ്പെട്ടവരും, എന്നാൽ മോപ്-അപ് അലോട്ട്മെന്റിനുവേണ്ടി കോളേജ് ഓപ്ഷൻ രജിസ്റ്റർ ചെയ്തവരിൽ മുൻപു നടന്ന നാല് ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചിട്ടില്ലാത്തവരുമായ **അപേക്ഷകർ 16.12.2022 മുതൽ 18.12.2022 വരെ ഓൺലൈനായി തങ്ങളുടെ കോളേജ് ഓപ്ഷൻ രജിസ്റ്റ്രേഷൻ കൺഫേം ചെയ്യേണ്ടതാണ്.** ഇങ്ങനെ കോളേജ് ഓപ്ഷൻ കൺഫേം ചെയ്യുന്നതിന് മുമ്പ് ഈ അപേക്ഷകർക്ക് തങ്ങളുടെ നേരത്തെ നൽകിയിരിക്കുന്ന ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനൊ/ ഇപ്പോൾ നൽകിയിട്ടുള്ള ഏതെങ്കിലും കോളേജ് ഒഴിവാക്കുന്നതിനൊ അവസരമുണ്ട്. **ഇപ്രകാരം ഓൺലൈനായി കോളേജ് ഓപ്ഷൻ രജിസ്റ്റ്രേഷൻ പുതുതായി കൺഫേം ചെയ്തവരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും** അഞ്ചാമത്തെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റും തുടർന്ന് ഈ കോളേജുകളിലുണ്ടായേക്കാവുന്ന ഒഴിവുകളിലേക്കുള്ള അലോട്ട്മെന്റുകളും നടത്തുക.

**അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ മാത്രം ഓപ്ഷൻ നൽകുക.**

16.12.2022 മുതൽ 18.12.2022വരെ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിച്ച് ഓപ്പൺ മെറിറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ **19.12.2022, വൈകീട്ട് 5 മണിക്ക് അഞ്ചാമത്തെ ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റ് അസോസിയേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്നവർ 22.12.2022, വൈകീട്ട് 3 മണിക്ക് മുമ്പ് തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിലെത്തി ഫീസടച്ച്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച് പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്.** നേഴ്സിങ്ങ് കൗൺസിലിന്റേയും യൂണിവേഴ്സിറ്റിയുടേയും മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ മാസമവസാനത്തിനുമുമ്പ് പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുകൊണ്ട് എല്ലാവരും സമയക്രമം കർശനമായും പാലിക്കേണ്ടതാണ്.

16th December 2022

Admission Coordinator

കൂടുതൽ വിവരങ്ങൾക്ക് **www.amcsfnck.com** സന്ദർശിക്കുക